തൃശ്ശൂർ	50
പാലക്കാട്	161
മലപ്പുറം	225
കോഴിക്കോട്	555
വയനാട്	98
കണ്ണൂർ	176
കാസർകോഡ്	139
ആകെ	2038

സ്ഥാപനങ്ങൾക്ക് വായ്പ നൽകിയിട്ടില്ല.

(സി) പട്ടികജാതിവിഭാഗത്തിൽപ്പെട്ട 52 വനിതകൾക്ക് മാത്രമേ സ്വയംതൊഴിൽ വായ്പ നൽകിയിട്ടുള്ളൂ. കേരള സർക്കാർ അനുവദിക്കുന്ന ഫണ്ടിൽനിന്നും ജനറൽ വിഭാഗത്തിലാണ് പട്ടികജാതി പട്ടികവിഭാഗം വനിതകൾക്ക് വായ്പ നൽകിവരുന്നത്.

വനിതകൾക്ക് സ്വന്തം തൊഴിൽ കണ്ടെത്തുന്നതിനു ലഭിച്ച സഹായം

26 (1217) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും ദേശീയ ന്യൂനപക്ഷ വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ധനസഹായം ലഭ്യമാക്കുവാൻ 2001-02, 2002-03, 2003-04 സാമ്പത്തിക വർഷങ്ങളിൽ എന്തു തുക സംസ്ഥാനത്തിന് ലഭിക്കുകയുണ്ടായി ;

(ബി) പ്രസ്തുത തുക ധനസഹായമായാണോ വായ്പയായാണോ ലഭ്യമായിട്ടുള്ളത് ;

(സി) പ്രസ്തുത തുക ഏതു ഏജൻസി വഴിയാണ് കേരളത്തിലെ സ്വയം തൊഴിൽ കണ്ടെത്തുവാൻ താല്പര്യമുള്ള വനിതകൾക്ക് നൽകുന്നത് ;

(ഡി) ഈ തുക വായ്പയായാണോ ധനസഹായമായാണോ ഇവർക്ക് ലഭ്യമാക്കുന്നത് ;

(ഇ) ഇതിൽ ഏതെല്ലാം വിഭാഗത്തിലെ വനിതകൾക്ക് മുൻഗണന നൽകുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായം ലഭ്യമാക്കുന്നതിനുവേണ്ടി 2001-02, 2002-03, 2003-04 സാമ്പത്തിക വർഷങ്ങളിൽ ദേശീയ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, ദേശീയ ന്യൂനപക്ഷ വിഭാഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും ആകെ 351.31 ലക്ഷം രൂപ താഴെ കാണിച്ചിരിക്കും പ്രകാരം സംസ്ഥാന വനിതാ വികസന കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്.

വർഷം	ദേശീയ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ	ദേശീയ ന്യൂന പക്ഷ വിഭാഗ വികസന കോർപ്പറേഷൻ
		(രൂപ ലക്ഷത്തിൽ)
2001-02	62.50	50.00
2002-03	100.00	100.00
2003-04	.....	38.81
ആകെ	162.50	188.81

(ബി) വായ്പയായിട്ടാണ് ലഭിച്ചിട്ടുള്ളത്.

(സി) കേരള വനിതാ വികസന കോർപ്പറേഷൻ നേരിട്ട് വനിതാ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് നൽകുന്നു.

(ഡി) വായ്പയായി ഗുണഭോക്താക്കൾക്ക് നൽകുന്നു.

(ഇ) ഈ വായ്പ ന്യൂനപക്ഷ/പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമാണ് നൽകുന്നത്.

വികലാംഗർക്ക് അവകാശ സംരക്ഷണം ഉറപ്പുവരുത്താനുള്ള നടപടികൾ

27 (1218). ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗവൈകല്യം സംഭവിച്ചവർക്ക് തുല്യ അവസരങ്ങളും സമ്പൂർണ്ണപങ്കാളിത്തവും അവകാശസംരക്ഷണവും ഉറപ്പു നൽകുന്നതിന് വേണ്ടിയുള്ള 1995-ലെ നിയമം നടപ്പിലാക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) പ്രൊഫഷണൽ- സാങ്കേതിക വിദ്യാഭ്യാസ മേഖലയിലുൾപ്പെടെ വിദ്യാഭ്യാസത്തിനും സംസ്ഥാന ഗവൺമെന്റ് സർവ്വീസിൽ നിയമനത്തിനും അവസരം ലഭിക്കുന്നതിനായി സംവരണാനുകൂല്യം നൽകുന്നുണ്ടോ ; എങ്കിൽ എത്ര ശതമാനം ;

LIBRARY ARCHIVES Kerala Legislative Assembly